ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ തട്ടാർക്കടവ്, തലിച്ചാലം കുണിയൻപുഴ എന്നീ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കി വരുന്നു. വലിയ പറമ്പ ഇടയിലക്കാട് ദ്വീപുകളെ ബന്ധിപ്പിക്കുന്ന വെള്ളാപ്പ പാലത്തിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് എൽ. ബി. എസ്. തയ്യാറാക്കി വരുന്നു.

മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

171 [1415] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ, മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി ;

(ബി) ഹൈക്കോടതിയിൽ നിന്നും പഴയ കോൺട്രാക്ടർ വാങ്ങിയ സ്റ്റേ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) താന്നിപാലത്തിന്റെ ആകെയുള്ള 10 സ്പാനിൽ 3 എ ന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 9 മുതൽ 12 മീറ്റർ വരെ നീളമുള്ള 135 പൈലുകളും. ഇപ്പോൾ പണി തീർത്ത അവസ്ഥയിലാണ്.

(ബി) പിൻവലിച്ചു.

(സി) ഇപ്പോൾ ബാലൻസ് പണികൾക്കുള്ള നെഗോഷ്യേറ്റഡ് കൂട്ടേഷൻ ക്ഷണിച്ചിരിക്കുകയാണ്.

താന്നിപ്പാലം

172 [1416] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുടങ്ങിക്കിടക്കുന്ന മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പുനരാരംഭിക്കുമോ ;

(ബി) സുനാമിപോലുള്ള ദുരന്തമുണ്ടായാൽ ഇരവിപുരം പ്രദേശത്തെ ജനങ്ങൾക്ക് രക്ഷപ്പെടാൻ പ്രയോജനപ്പെടുന്നതാണ് പ്രസ്തുത പാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പണി പുനരാരംഭിക്കുന്നതിന് വേണ്ടി ബാക്കി പണികൾക്കുള്ള നെഗോഷ്യേറ്റഡ് കൂട്ടേഷൻ ക്ഷണിച്ചു കഴിഞ്ഞു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly